## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **6541**

**09.07.2014**- ലെ മറുപടിക്ക്

### മരണപ്പെട്ടവരുടെ വായ്പാ കുടിശ്ശികകളുടെ ഒറ്റത്തവണ തീർപ്പാക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ വായ്പ കുടിശ്ശികകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുന്ന വായ്പാക്കാരുടെ അനന്തരാവകാശിക്ക് നോട്ടീസ് നൽകി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളും ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ ഇതിനുപുറമെ സെക്യൂരിറ്റൈസേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളുമാണ് സ്വീകരിക്കാറുള്ളത്. |
| ബി) വായ്പ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കി യാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (ബി) | 2 ലക്ഷം രൂപാവരെ വായ്പ എടുത്തിട്ടുള്ള വായ്പക്കാരൻ മരണപ്പെട്ടാൽ ഒരു വർഷത്തിനകം അവകാശികൾ വായ്പാ കണക്കവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസം മുതൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന തീയതി വരെയുള്ള പലിശ ഒഴിവാക്കി നല്കുന്നതാണ്. കൂടാതെ 'ആശ്വാസ് പദ്ധതി' പ്രകാരം വായ്പാ കണക്ക് അവസാനിപ്പിക്കുമ്പോൾ പലിശ ഇളവ് നൽകുന്നതിനും പിഴ പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനും സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**